ജില്ലാ കോടതി, കാസറഗോഡ്

നമ്പർ A2- 4538/2022(A1) തീയതി: 27.04.2026

വിജ്ഞാപനം

വിഷയം:- കാസറഗോഡ് ജില്ലയിൽ കാസറഗോഡിൽ പ്രവർത്തിക്കുന്ന ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതിയിൽ (പോക്സോ) ഭാവിയിൽ ഉണ്ടാകുന്ന കമ്പ്യൂട്ടർ അസിസിറ്റന്റ്/എൽ.ഡി.ടൈപ്പിസ്റ്റ് ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യാൻ അർഹരും സന്നദ്ധരുമായ വിരമിച്ച കോടതി ജീവനക്കാരിൽ നിന്നും, വിരമിച്ച മറ്റ് സർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട വിജ്ഞാപനം - സംബന്ധിച്ച്.

സൂചന:- ബഹുമാനപ്പെട്ട ജില്ലാ ജഡ്ജിയുടെ 27.04.2026 തീയ്യതിയിലെ A2-4538/2022(A1) നമ്പർ ഉത്തരവ്.

*****

കാസറഗോഡ് ജില്ലയിലെ കാസറഗോഡിൽ പ്രവർത്തിക്കുന്ന ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതിയിൽ (പോക്സോ) ഭാവിയിൽ ഉണ്ടാകാവുന്ന താഴെ പറയുന്ന ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതിന് വേണ്ടി അർഹരും സന്നദ്ധരുമായ വിരമിച്ച കോടതി ജീവനക്കാരിൽ നിന്നും, വിരമിച്ച മറ്റ് സർക്കാർ ജീവനക്കാരിൽ നിന്നും മാത്രം അപേക്ഷ ക്ഷണിക്കുന്നു.

വകുപ്പ് :- നീതിന്യായം (സിവിൽ)

ക്രമ നം.	തസ്തിക	ഒഴിവുകളുടെ എണ്ണം	മാസ സഞ്ചിത ശമ്പളം G0(P) No.29/2021/Fin dated 11.02.2021	യോഗ്യത
1	കമ്പ്യൂട്ടർ അസിസിറ്റന്റ്/ എൽ.ഡി.ടൈപ്പിസ്റ്റ്	1	₹ 21,175/- *	പി.എസ്.സി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയും 5 വർഷത്തെ പ്രവർത്തി പരിചയവും

*നിയമിക്കുന്നവരുടെ മാസ സഞ്ചിത ശമ്പളം 09.07.2019-ാം തീയ്യതിയിലെ സർക്കാർ ഉത്തരവ്(പി) നം. 81/2019/ധനവകുപ്പ്പാരാ-5 നിർദ്ദേശപ്രകാരം നിജപ്പെടുത്തുന്നതാണ്.

നിബന്ധനകൾ :-

1). തിരഞ്ഞെടുക്കപ്പെടുന്നവരുടെ കരാർ നിയമനം തുടർച്ചയായ 179 ദിവസത്തേക്ക് മാത്രമായിരുക്കും.
2). അപേക്ഷകർ സമാനമായതോ ഉയർന്നതോ ആയ തസ്തികയിൽ നിന്നും വിരമിച്ച കോടതി ജീവനക്കാരോ, വിരമിച്ച മറ്റ് സർക്കാർ ജീവനക്കാരോ ആയിരിക്കണം.
3). വിരമിച്ച കോടതി ജീവനക്കാർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
4). 62 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല. 62 വയസ്സ് ആകുന്ന മുറക്ക് സർവ്വീസിൽ നിന്നും പിരിച്ചു വിടുന്നതായിരിക്കും.
5). സർക്കാരിനുവേണ്ടി ജില്ലാ ജഡ്ജിയും നിയമിക്കപ്പെടുന്ന വ്യക്തിയും തമ്മിൽ ഒരു കരാർ സമ്മതപത്രത്തിൽ ഏർപ്പെടേണ്ടതാണ്.

അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി – 11.05.2026.

യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ വയസ്സ്, യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ജില്ലാ ജഡ്ജ്, ജില്ലാ കോടതി, കാസറഗോഡ്-671123 എന്ന വിലാസത്തിലേക്ക് 11.05.2026 ന് വൈകുന്നേരം 5 മണിവരെ നേരിട്ടും തപാലിലും സ്വീകരിക്കുന്നതാണ്. കവറിനു മുകളിൽ "കരാർ നിയമനത്തിനുള്ള അപേക്ഷ" എന്ന് പ്രത്യേകം കാണിക്കേണ്ടതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. വിശദവിവരങ്ങൾ ജില്ലാ കോടതിയുടെ https://kasaragod.dcourts.gov.in എന്ന website-ൽ ലഭ്യമാണ്.

ജില്ലാ ജഡ്ജിനു വേണ്ടി
(ഉത്തരവിൻ പ്രകാരം)

ശിരസ്തദാർ
കാസറഗോഡ്

DISTRICT AND SESSIONS COURT * KASARAGOD *

/home/faircopy/Desktop/Office Work/2026/A2/Letter to Information Office/Letter Information Office KSD/Letter - Information Office-Typist.odt

അപേക്ഷ ഫോറം (കാസർഗോഡ് പ്രത്യേക അതിവേഗ കോടതിയിലേക്കുള്ള കരാർ നിയമനം)	
അപേക്ഷിക്കുന്ന തസ്തിക	
അപേക്ഷകന്റെയോ/അപേക്ഷികയുടെ പേര് (മലയാളത്തിൽ) ഇംഗീഷിൽ, വലിയ അക്ഷരത്തിൽ	
വയസ്സ്, ജനന തീയ്യതി	
വിരമിച്ച തീയ്യതി : പി.പി.ഒ നമ്പർ : വിരമിച്ച തസ്തിക :	
വിദ്യാഭ്യാസ യോഗ്യത	
സ്ഥിര മേൽവിലാസം	
ഇപ്പോഴത്തെ മേൽവിലാസം(ഫോൺ നമ്പർ സഹിതം)	
പ്രവർത്തി പരിചയം	
മറ്റ് യോഗ്യതകൾ	

മേൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകൾ എല്ലാം തന്നെ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയ്യതി : (ഒപ്പ്)